# കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *411      14/11/2019-ൽ മറുപടിക്ക്

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. വിൻസെന്റ്**<br>**,, വി.ടി.ബൽറാം**<br>**,, സണ്ണി ജോസഫ്**<br>**,, കെ.എസ്.ശബരീനാഥൻ** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) വിദ്യാഭ്യാസ മേഖലയെ സംബന്ധിക്കുന്ന ഖാദർ കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | എ) അംഗീകരിച്ചിട്ടുണ്ട്. |
| ബി) ഖാദർ കമ്മിറ്റി അതിന്റെ റിപ്പോർട്ട് പൂർണ്ണതോതിൽ സർക്കാരിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഗുണപരമായ മാറ്റം നിർദ്ദേശിക്കുന്ന രണ്ടാം ഭാഗം സമർപ്പിക്കുന്നതിന് മുമ്പ് ആദ്യ റിപ്പോർട്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ; | ബി) വിദ്യാഭ്യാസത്തിന്റെ ഘടനയുടെ ഭാഗമായ വിദ്യാഭ്യാസ ഘട്ടങ്ങളെക്കുറിച്ചും അദ്ധ്യാപക യോഗ്യതകളെക്കുറിച്ചും അദ്ധ്യാപക പരിശീലനങ്ങളെക്കുറിച്ചും വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളെക്കുറിച്ചുമുള്ള നിർദ്ദേശങ്ങളാണ് നിലവിൽ സർക്കാർ അംഗീകരിച്ച റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത മേഖലകളെ സംബന്ധിച്ചുള്ള കമ്മിറ്റിയുടെ ശുപാർശകൾ അതിനാൽതന്നെ പൂർണ്ണവും സമഗ്രവുമായതിനാലാണ് നടപ്പിലാക്കാൻ തീരുമാനിച്ചത്. |
| സി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കിയാൽ വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരത്തകർച്ച ഉണ്ടാകുമെന്ന അദ്ധ്യാപക സംഘടനകളുടെയും സ്കൂൾ മാനേജർമാരുടെയും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതേക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | സി) ഗുണപരമായ മാറ്റങ്ങളിലൂടെ സ്കൂളിനെ ഒരു യൂണിറ്റായി കണ്ട് സ്കൂളുകളിലുള്ള എല്ലാ മേഖലകളിലെയും എല്ലാ തനിമകളും അതുപോലെതന്നെ നിലനിർത്തിക്കൊണ്ട് ഒരു യൂണിറ്റാക്കി മാറ്റി അക്കാദമിക മികവ് ഉണ്ടാക്കുവാനുള്ള കൂട്ടായ പ്രവർത്തനത്തിന് സാധ്യത ഉണ്ടാക്കിയെടുക്കുക എന്നതാണ് ഏകീകരണം കൊണ്ട് ലക്ഷ്യമിടുന്നത്. റിപ്പോട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ച് അദ്ധ്യാപകർ/ അനദ്ധ്യാപകർ/ വിദ്യാർത്ഥികൾ/സർവ്വീസ് സംഘടനകൾ/മാനേജ്മെന്റ്/തദ്ദേശസ്വയംഭരണ |

മേധാവികളുടെ പ്രതിനിധികൾ എന്നിവരുമായി പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയും മേൽ വിഷയം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. ഈ ചർച്ചകളിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ചില ഭേദഗതികളോടെ നടപ്പിലാക്കിയിട്ടുള്ളത്.

ഡി) പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ?

ഡി) കേസുകൾ ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ